ഫോറസ്റ്റ് കൺസർവേറ്റർ ആഫീസ്,
സെൻട്രൽ സർക്കിൾ, തൃശ്ശൂർ-20,
തീയതി 21-12-1993.

ടി. ആർ.3138/93

## സർക്കുലർ നംപർ 12/93.

വിഷയം:- 1961-ലെ ഇൻകംടാക്സ് നിയമത്തിലെ സെക്ഷൻ 206 സി പ്രകാരം വനോൽപ്പന്നങ്ങൾ വിൽക്കുംപോൾ ഇൻകംടാക്സ് കണക്കാക്കുന്നതിന് സംബന്ധിച്ച്

സൂചന:- 1) 5-12-88-ലെ ഇൻകംടാക്സ് കമ്മീഷണറുടെ 346/ടി/88-89 നം. കത്ത്.
2) 13-12-88-ലെ സി.സി.എഫിന്റെ എ8-12363/88 നം. കത്ത്.

. . . .

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1961-ലെ ഇൻകംടാക്സ് നിയമത്തിലെ സെക്ഷൻ 206 സി പ്രകാരം വനോൽപ്പന്നങ്ങൾക്ക് ഇൻകംടാക്സ് ഈടാക്കുംപോൾ ഉൽപ്പന്നത്തിന്റെ വിലയും അതിൻമേലുള്ള മറ്റു നികുതികളും ലെവികളും കൂട്ടി ചേർന്നിട്ടാണ് ആദായ നികുതി കണക്കാക്കേണ്ടതാണ്.

എന്നാൽ കരിങ്കല്ലിന് ഫോറം 7 പാസ്സ് കൊടുക്കുംപോൾ കരിങ്കല്ലിന്റെ റോയൽറ്റി ചാർജ്ജ് കണക്കിലെടുത്തിട്ടല്ല ആദായ നികുതി ഈടാക്കുന്നത് എന്ന കാര്യം ഈ സർക്കിളിലെ വിവിധ റെയിഞ്ചുകളിലെ പരിശോധന സമയത്തു ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ആദായ നികുതി കണക്കാക്കുംപോൾ ഉൽപ്പന്നങ്ങളുടെ വിലയോടോപ്പം എല്ലാ നികുതികളുൾപ്പെടെ റോയൽറ്റി അടക്കമുള്ള തുകക്കുള്ള ആദായ നികുതി കണക്കാക്കേണ്ടതാണ്.

മേൽ കാണിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ടി. എം. മനോാഹരൻ,
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,
തൃശ്ശൂർ.

പകർപ്പ്:- ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും, എല്ലാ റെയിഞ്ച് ഓഫിസർമാർക്കും നൽകുന്നു.

പകർപ്പ് എ3 - സ്റ്റോക്ക് ഫയലിലേക്ക്.

ലി 23/12 (30 കോപ്പി)